ഇടുക്കിജില്ലയിലെ കുഴൽ കിണറുകൾ

374. [559] [ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കുഴൽ കിണറുകളിൽ നിന്നും വെള്ളം എടുക്കുവാൻ സാധിക്കുന്നില്ലാ എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അവ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോട്ടോർ ഘടിപ്പിച്ച് പൈപ്പുകളിൽ കൂടിജല വിതരണം നടത്തുവാൻ വേണ്ടത്ര പണക്കുറവ് കാരണമാണ് കാലതമസം വരുന്നത്. താൽക്കാലിക നടപടിയെന്ന നിലയിൽ ഇവയിലെല്ലാം ഹാൻഡ് പമ്പുകൾ ഘടിപ്പിക്കുവാൻ വേണ്ട നടപടി എടുത്തു വരികയാണ്.

(ബി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കയാണ്.

പെരുവന്താനത്ത് കുടിനീർക്ഷാമം

375. [560] [ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവന്താനത്ത് കുടിനീർക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ വല്ലതും സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) പെരുവന്താനത്ത് കേന്ദ്ര സർക്കാരിന്റെ ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിൽപ്പെടുത്തി ഒരു സ്കീം തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Orders to Safeguard the Interests of the Linguistic Minorities

376. [561] **Dr. A. Subba Rao :** will the Chief Minister be pleased to state :

(a) Have the Government received complaints that the Government orders to safeguard the interests of the Linguistic Minorities are not being properly implemented ;

(b) If so what remedical measures have the Government taken ?

Answer

(a&b) Government have received complaints on non-observance of orders on certain safeguards of Linguistic Minorities. The District Collectors concerned and the Heads of Department have instructions to see that Government orders on the safeguards to Linguistic Minorities are implemented scrupulously.

LIBRARY ARCHIVES Kerala Legislative Assembly